പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*365 15.7.2015 ലെ മറുപടിയ്ക്ക്

## സീ പ്ലെയിൻ സർവ്വീസ്

| ചോദ്യം<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ. ഇ.ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻ ഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് നടത്തിയ സാദ്ധ്യതാപഠന റിപ്പോർട്ട് അനുസരിച്ചാണ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 02.06.2013 ന് കൊല്ലം അഷ്ടമുടിയിൽ നടന്നു. എന്നാൽ ചില മത്സ്യത്തൊഴിലാളിസംഘടനകൾ ഉയർത്തിയ എതിർപ്പിനെ തുടർന്ന് സർവ്വീസുകൾ നിർത്തി വെയ്ക്കുകയാണ് ഉണ്ടായത്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, സീപ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധസമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 26-06-2015 ലെ GO (Ms) No. 188/2015/TSM നമ്പർ ഉത്തരവ് പ്രകാരം ഓപ്പറേറ്റർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നേരത്തെ പ്രഖ്യാപിച്ചിരുന്ന ഏർളി ബേഡ് ഇൻസെന്റീവുകൾക്ക് പുറമെ മറ്റു ചില ആനുകൂല്യ ങ്ങൾകൂടി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ തോതിലുള്ള ജല വിമാന സർവ്വീസ് ഉടനെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| ബി) | ആദ്യ ഘട്ടത്തിൽ എവിടെ യെല്ലാമാണ് സീപ്ലെയിൻ സർവ്വീസ് നടത്തുന്നത്; | ബി) | പ്രാഥമിക ഘട്ടത്തിൽ മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ എന്നീ കേന്ദ്ര ങ്ങളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി) | പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ടൂറിസം | സി) | ഉണ്ട്. പ്രസ്തുത സമിതി, പദ്ധതിസ്ഥലങ്ങൾ സന്ദർശിക്കുകയും വിശദമായ പഠനങ്ങൾ നടത്തുകയും ചെയ്തതിനുശേഷം |

| | | | |
|---|---|---|---|
| | സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള വിദഗ്ധസംഘം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | അന്തിമറിപ്പോർട്ട് 02-07-14 ന് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കമ്മിറ്റി നൽകിയിട്ടുള്ള ശുപാർശകളിൽ പ്രധാനപ്പെട്ടവ ഇനി പറയുന്നവയാണ്.<br><br>1. പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത് പ്രകാരം സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുന്നത് ഉൾനാടൻ ജലപ്പരപ്പുകളിലെ ജൈവ വ്യവസ്ഥയെയും മത്സ്യബന്ധനത്തെയും ഒരു തരത്തിലും ബാധിക്കാത്തതിനാൽ സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>2. ഇപ്പോൾ ഉയർന്നിട്ടുള്ള എതിർപ്പ് യഥാർത്ഥത്തിൽ സീപ്ലെയിൻ പദ്ധതിയോട് അല്ലെന്നും വിവിധ തരത്തിലുള്ള മലിനീകരണം, ജലപ്പരപ്പുകളുടെ ശോഷണം, മുതലായ കാരണങ്ങളാൽ സംഭവിച്ച് കൊണ്ടിരിക്കുന്ന രൂക്ഷമായ അന്തരീക്ഷ വ്യതിയാനങ്ങളും മത്സ്യസമ്പത്തിൽ ഉണ്ടാകുന്ന കുറവും തന്മൂലം മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗ്ഗത്തെയും ജോലി സ്ഥിരതയെയും ബാധിക്കുന്നതും കാരണമാണെന്ന് സമിതി വിലയിരുത്തി.<br><br>3. കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളിൽ മലിനീകരണം തടയുന്നതിനുള്ള ശക്തമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.<br><br>4. ആലപ്പുഴയിൽ വേമ്പനാട്ട് കായലിൽ നിന്നും മിക്കവാറും വേറിട്ടു നിൽക്കുന്നതും പ്രധാന മത്സ്യബന്ധന മേഖലയിലല്ലാത്തതും ആലപ്പുഴ കൈനകരിയ്ക്ക് സമീപം സ്ഥിതിചെയ്യുന്നതുമായ വട്ടക്കായൽ പ്രദേശം സീപ്ലെയിൻ വാട്ടർഡ്രോം സ്ഥാപിക്കുന്നതിന് കൂടുതൽ അനുയോജ്യമായിരിക്കുമെന്ന് സമിതി കണ്ടെത്തി. അതിനാൽ ആലപ്പുഴയിലെ പുന്നമടയിൽ സ്ഥാപിച്ചിട്ടുള്ള സീപ്ലെയിൻ അടിസ്ഥാന സൗകര്യങ്ങൾ വട്ടക്കായൽ പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ കമ്മിറ്റി ശുപാർശ ചെയ്തു.<br><br>5. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത മാർഗ്ഗങ്ങൾ വിപുലീകരിക്കുന്നതിനായി, ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, കേജ് ഫാമിംഗ് പോലുള്ള പദ്ധതികൾ മുതലായവ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ സമിതി ശുപാർശ ചെയ്തു.<br><br>6. ഇതിനായി കരിമീൻ, കാളാഞ്ചി, ചെമ്പല്ലി മുതലായ മത്സ്യ |

| | | | |
|---|---|---|---|
| | | | ഇനങ്ങളെ ഉപയോഗിച്ച്കൊണ്ടും പ്രദേശത്തെ ഉൾനാടൻ മത്സ്യത്തൊഴിലാളികളെ ഭാഗ ഭാക്കാക്കിക്കൊണ്ടും ഓപ്പൺ വാട്ടർ കേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുവാൻ സമിതി ശുപാർശ ചെയ്തു. അതോടൊപ്പം മത്സ്യവിത്ത്, തീറ്റ എന്നിവയുടെ ഉത്പാദനം, മൂല്യവർദ്ധിതമത്സ്യ ഉല്പന്നങ്ങളുടെ വിപണനം മുതലായവയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളി കളെ പ്രപ്തരാക്കുവാൻ വേണ്ട വിവിധ പദ്ധതികൾ സമിതി ശുപാർശ ചെയ്തു.<br><br>7. വേമ്പനാട്, അഷ്ടമുടി പ്രദേശങ്ങളിൽ കാണ പ്പെട്ടുവരുന്ന നിയമവിരുദ്ധവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ തടയുന്നതിനും നിർത്തലാക്കുന്നതിനുമുള്ള നടപടികൾ ഫിഷറീസ് വകുപ്പ് സ്വികരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. |
| ഡി) | സംസ്ഥാനത്ത് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണന്ന് വ്യക്തമാക്കുമോ; | ഡി) | ഉണ്ട് |

സെക്ഷൻ ഓഫീസർ